# പതിമൂന്നാം കേരള നിയമസഭ
# (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1889 16/02/2016-ൽ മറുപടിയ്ക്ക്**

## കൽപ്പറ്റ നിയോജകമണ്ഡലത്തിലെ മത്സ്യബന്ധന വകുപ്പ് പദ്ധതികൾ

| ചോദ്യം<br>ശ്രീ. എം. വി. ശ്രേയാംസ് കുമാർ: | | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|---|
| എ) ഈ സർക്കാരിന്റെ കാലയളവിൽ മത്സ്യബന്ധന വകുപ്പ് മുഖേന കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | എ) | ഈ സർക്കാരിന്റെ കാലയളവിൽ കൽപ്പറ്റ നിയോജകമണ്ഡലത്തിൽ മത്സ്യസമൃദ്ധി പദ്ധതി, പടുതാക്കുളം, അലങ്കാര മത്സ്യകൃഷി, വിദ്യാഭ്യാസാനുകൂല്യം എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ തീരദേശ വികസന കോർപ്പറേഷൻ മുഖേന ഈ നിയോജകമണ്ഡലത്തിൽ 148.72 ലക്ഷം രൂപയുടെ മത്സ്യമാർക്കറ്റ് നിർമ്മിച്ചു. സാഫ് മുഖേന നടപ്പിലാക്കി വരുന്ന തീരമൈത്രി പദ്ധതിയിൽ "സീഫുഡ് കിച്ചൺ" ആരംഭിക്കുന്നതിനായി കൽപറ്റ നിയോജകമണ്ഡലത്തിൽപ്പെട്ട പൂക്കോട് തടാകക്കരയിൽ 6 ആദിവാസി മത്സ്യത്തൊഴിലാളി സ്ത്രീകൾ അടങ്ങുന്ന ഗ്രൂപ്പിന് പരിശീലനവും 6 ലക്ഷം രൂപ തിരിച്ചടവില്ലാത്ത ഗ്രാന്റായി നൽകിയിട്ടുണ്ട്. പദ്ധതി നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു.<br><br>ഈ സർക്കാരിന്റെ കാലയളവിൽ മത്സ്യബന്ധന വകുപ്പ്മുഖേന കൽപ്പറ്റ നിയോജകമണ്ഡലത്തിൽ 21.15 ലക്ഷം രൂപയുടെ ഭരണാനുമതി പ്രകാരം മത്സ്യ കർഷക വികസന ഏജൻസി വയനാട്-ശുദ്ധജല അക്വോറിയം നവീകരണം - മിനി ഹാച്ചറി നിർമ്മാണ പ്രവൃത്തിയും 39 ലക്ഷം രൂപയുടെ ഭരണാനുമതി പ്രകാരം രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ ഉൾപ്പെടുത്തി കാരാപ്പുഴ ഡാം പ്രദേശത്ത് അക്വോറിയം നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ ; | ബി) | പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും ആയതിന് വകയിരുത്തിയ തുക എത്രയെന്നും വ്യക്തമാക്കുമോ ?

സി) പ്രസ്തുത പദ്ധതികളിൽ മത്സ്യസമൃദ്ധി-11 (2015-18) നടപ്പിലാക്കിവരുന്നു.

| പദ്ധതിയുടെ പേര് | വിനിയോഗിക്കാനുള്ള തുക |
|---|---|
| അലങ്കാര മത്സ്യകൃഷി | 1,30,000/- |
| വിദ്യാഭ്യാസാനുകൂല്യം | 31,181/- |
| മത്സ്യകർഷക ക്ളബ്ബ്. | 1,80,641/- |
| **ആകെ** | **3,41,822/-** |

തീരദേശ വികസന കോർപ്പറേഷൻ മുഖേന ഏറ്റെടുത്ത മത്സ്യമാർക്കറ്റ് നിർമ്മാണം പൂർത്തീകരിച്ചു ഗ്രാമപഞ്ചായത്തിന് കൈമാറ്റം ചെയ്തു കഴിഞ്ഞു.

സെക്ഷൻ ആഫീസർ

<u>അനുബന്ധം</u>

## ഫിഷറീസ് വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന പദ്ധതി

| | | |
|---|---|---|
| **മത്സ്യസമൃദ്ധി പദ്ധതി-1** | | |
| **വർഷം** | **അനുവദിച്ച തുക** | **ചെലവായ തുക** |
| 2012-13 | 30,00,000 | 19,25,956 |
| 2013-14 | 35,00,000 | 34,82,904 |
| 2014-15 | 34,00,000 | 36,14,343 |
| 205-16 | | **5,75,071** |
| **ആകെ** | **99,00,000** | **9,59,274** |
| **മത്സ്യസമൃദ്ധി പദ്ധതി II (പദ്ധതി നടപ്പിലാക്കിവരുന്നു)** | | |
| 2015-16 | 25,00,000 | 21,11,732 |
| **പടുതാക്കുളം** | | |
| 2014-15 | 15,00,000 | 15,00,000 |
| **അലങ്കാര മത്സ്യകൃഷി** | | |
| 2012-13 | 5,00,000 | 3,70,000 |
| **മത്സ്യകർഷക ക്ലബ്ബ്** | | |
| 2012-13 | 15,00,000 | 13,19,359 |
| (കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടില്ല. | | |
| **വിദ്യാഭ്യാസാനുകൂല്യം** | | |
| 2011-12 | 2,00,000 | 2,00,000 |
| 2012-13 | 3,00,000 | 3,00,000 |
| 2013-14 | 1,00,000 | 1,00,000 |
| 2014-15 | 2,00,000 | 2,00,000 |
| 2015-16 | 5,00,000 | 4,68,819 |
| **ആകെ** | **13,00,000** | **12,68,819** |

## തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിയ പദ്ധതി

| ക്രമ നമ്പർ | അടൽ തുക | | ലഭിച്ച തുക | | | |
|---|---|---|---|---|---|---|
| | എൻ. എഫ് ഡി. ബി വിഹിതം | സംസ്ഥാന വിഹിതം | എൻ. എഫ് ഡി. ബി വിഹിതം | സംസ്ഥാന വിഹിതം | എൻ. എഫ് ഡി. ബി വിഹിതം | സംസ്ഥാന വിഹിതം |
| 1 | 133.848 | 14.872 | 120.459 | 8.39611 | 110.542 | 18.00242 |

## ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ മുഖേന നടപ്പിലാക്കിയ പദ്ധതി.

വയനാട് ശുദ്ധ ജല അക്വോറിയം നിർമ്മാണത്തിന് ഈ സർക്കാരിന്റെ കാലത്ത് 23.76 ലക്ഷം രൂപ വിലയിരുത്തുകയും 21.75 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിൽ കാരാപ്പുഴ അക്വോറിയം നിർമ്മാണത്തിനായി ഈ സർക്കാരിന്റെ കാലത്ത് 45.48 ലക്ഷം രൂപ വകയിരുത്തുകയും 45.48 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ആഫീസർ